**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1709 — 14.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കൊച്ചി മെട്രോ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. സ്വരാജ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറ വരെയുള്ള പദ്ധതികൾക്കായുള്ള നടപടി ക്രമങ്ങൾ എതുവരെയായി എന്നും ഇതിലേക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (എ) | കൊച്ചി മെട്രോ റെയിൽപ്പാത പേട്ട മുതൽ തൃപ്പൂണിത്തുറ എസ്. എൻ. ജംഗ്ഷൻ വരെ ദീർഘിപ്പിക്കുന്നതിനും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. പേട്ട മുതൽ തൃപ്പൂണിത്തുറ എസ്. എൻ. ജംഗ്ഷൻ വരെ റോഡ് നവീകരിക്കുന്നതിനും, സ്റ്റേഷൻ നിർമ്മാണത്തിനുമായി ഏകദേശം 3 ഏക്കർ 65 സെന്റ് സ്ഥലം വേണ്ടി വരുമെന്ന് കണക്കാക്കുന്നു. തൃപ്പൂണിത്തുറ എസ്.എൻ ജംഗ്ഷൻ വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ച് കഴിഞ്ഞു. കൂടാതെ, പേട്ട മുതൽ എസ്.എൻ.ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നടത്തുന്ന സാമൂഹിക പ്രത്യാഘാത പഠനം (Social Impact Assessment Study) അന്തിമ ഘട്ടത്തിലാണ്. |
| (ബി) | മെട്രോ റെയിൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടിയാൽ കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുമെന്നും പാർക്കിങ്ങ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചതോതിൽ ലഭിക്കുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | (ബി) | ഉണ്ട്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സാദ്ധ്യതാ പഠനം നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ